

# ഫാത്തിമാബി നാൾവഴികളിലൂടെ...

1976- വർഷത്തിൽ കൂമ്പാറ പ്രദേശത്ത് വിദ്യാഭ്യാസ പുരോഗതിക്കായി സ്ഥാപിച്ച ഒരു വിദ്യാലയമാണ് ഫാത്തിമാബി മെമ്മോറിയൽ ഹയർ സെക്കൻററി സ്കൂൾ. പ്രാഥമിക ഘട്ടത്തിൽ ഒരു യു പി സ്കൂളായി ആരംഭിച്ച് ആറ് വർഷക്കാലത്തിന് ശേഷം 1982-ൽ ഹൈസ്കൂളായി അപ്ഗ്രേഡ് ചെയ്തു. വിദ്യാഭ്യാസപരമായും, സാമൂഹിക പരമായും വളരെ പിന്നോക്കം നിന്നിരുന്ന ഒരു പ്രദേശമാണ് കൂമ്പാറ. മലയോര കുടിയേറ്റ മേഖലയായ ഈ പ്രദേശത്ത് ജനവാസം തന്നെ വളരെ കുറവായിരുന്നു. തികച്ചും കാർഷിക മേഖലയായിരുന്ന കൂമ്പാറയിൽ ഗതാഗതം, ഇലക്ട്രിസിറ്റി, ജലസ്രോതസ്സുകൾ തുടങ്ങിയ സൗകര്യങ്ങളുടെ അപര്യാപ്തതമൂലം ഏറെ ദുരിതമനുഭവിക്കേണ്ടി വന്നു. അവരുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്താൻ ഫാത്തിമാബി മെമ്മോറിയൽ ഹയർ സെക്കൻററി സ്കൂൾ മുഖേന സാധിച്ചു. നാട്ടിലെ പൗരപ്രമുഖനും, മുക്കം ഓർഫനേജിൻറെ സ്ഥാപകനുമായിരുന്ന വയലിൽ മൊയ്തീൻ കോയ ഹാജിയാർ തൻറെ ഉടമസ്ഥതയിലുള്ള അഞ്ച് ഏക്കർ ഭൂമിയിൽ ഈ സ്കൂൾ സ്ഥാപിക്കുന്നത് തൻറെ സ്നേഹനിധിയായ ഭാര്യയുടെ നാമധേയത്തിലാണ്. ഈ സ്ഥാപനം പണിതുയർത്തിയത് പ്രഥമ ഹെഡ്മാസ്റ്റർ സി. മൂസ്സ മാസ്റ്ററായിരുന്നു. തൻറെ കീഴിലായി 5 അധ്യാപകരും ഒരു അനധ്യപകനും പ്രവർത്തിച്ചു.

ഹൈസ്കൂളായി അപ്ഗ്രേഡ് ചെയ്ത ശേഷം 1884-ൽ ആദ്യ എസ് എസ് എൽ സി ബാച്ച് പുറത്തിറങ്ങി. 100 ശതമാനം വിജയം കരസ്ഥമാക്കി. പിന്നീടുള്ള വർഷങ്ങളിൽ വിജയശതമാനം താഴോട്ടായിരുന്നു. അതിനിടയിൽ മാനേജ്മെൻറ് മാറി മാറി വന്നു. വയലിൽ അബ്ദുള്ളക്കോയ, വയലിൽ ബീരാൻ കോയ എന്നിവരായിരുന്നു മൊയ്തീൻ കോയ ഹാജിക്ക് ശേഷം വന്ന മാനേജർമാർ.

**നാട്ടിലെ പൗരപ്രമുഖനും, മുക്കം ഓർഫനേജിൻറെ സ്ഥാപകനുമായിരുന്ന വയലിൽ മൊയ്തീൻ കോയ ഹാജിയാർ തൻറെ ഉടമസ്ഥതയിലുള്ള അഞ്ച് ഏക്കർ ഭൂമിയിൽ ഈ സ്കൂൾ സ്ഥാപിക്കുന്നത് തൻറെ സ്നേഹനിധിയായ ഭാര്യയുടെ നാമധേയത്തിലാണ്.**



1993-ൽ നിലവിലുള്ള മാനേജർ സ്ഥാപനം കൂടുതൽ നിലവാരം മെച്ചപ്പെടുത്തുക എന്ന ഉദ്ദേശത്തോടെ കാരന്തൂർ മർക്കസിന് സ്കൂൾ കൈമാറി. അന്നു മുതൽ ഇന്നു വരെ ലോക പ്രശസ്ത പണ്ഡിതനും, ആയിരക്കണക്കിന് അഗതി-അനാഥരുടെ അത്താണിയുമായ കാന്തപുരം എ. പി. അബൂബക്കർ മുസ്ലിയാരാണ് മാനേജർ. മർക്കസ് മാനേജ്മെൻറ് ഏറ്റെടുത്തത് മുതൽ സ്ഥാപനത്തിൻറെ ഉയർച്ച ധ്രുതഗതിയിലായി. തൊട്ടടുത്ത മരഞ്ചാട്ടിയിൽ പെൺകുട്ടികൾക്ക് മാത്രമായി ഒരു അഗതി-അനാഥ മന്ദിരം മർക്കസ് ഏറ്റെടുക്കുകയും, അവിടെ നിന്നുള്ള നൂറുകണക്കിന് വിദ്യാർത്ഥിനികളുടെ ഭൗതിക പഠനത്തിൻറെ കേന്ദ്രമായി സ്കൂൾ മാറ്റുകയും ചെയ്തു. അതിനാൽ സ്കൂളിൽ കൂടുതൽ ഡിവിഷനുകൾ ആരംഭിക്കുകയും, ധാരാളം അധ്യാപകരെ നിയമിക്കുകയും ചെയ്തു. സ്കൂളിൻറെ ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെട്ടു. പഴയ കെട്ടിടങ്ങൾ പൊളിച്ചുമാറ്റി. സൗകര്യപ്രദമായ പുതിയ കെട്ടിടങ്ങൾ നിർമ്മിച്ചു. അതുമുതൽ ഈ സ്ഥാപനത്തിൽ പ്രദേശവാസികൾക്ക് പുറമേ കേരളത്തിലെ വ്യത്യസ്ത ജില്ലകളിൽ നിന്നും തമിഴ്നാട്,കർണാടക, ലക്ഷദ്വീപ് എന്നിവിടങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികളും പഠനം നടത്തുന്നു.

2010 വർഷം കൂമ്പാറ ഫാത്തിമാബി സ്കൂളിൻറെ ചരിത്രം തങ്കലിപികളാൽ ആലേഖനം ചെയ്യപ്പെട്ട ഒരു കാലഘട്ടമാണ്. കേരളത്തിന്, പ്രത്യേകിച്ചും മലബാർ മേഖലയിൽ ഹയർസെക്കൻററി അനുവദിച്ചപ്പോൾ കൂമ്പാറ ഹൈസ്കൂളിലും സയൻസ്, ഹ്യമാനിറ്റീസ് ബാച്ചുകൾ അനുവദിച്ച് സർക്കാർ ഉത്തരവാക്കി. 2011-ൽ കൊമേഴ്സ് ബാച്ചു കൂടി അനുവദിച്ചപ്പോൾ ഫുൾ ബാച്ചുകളുള്ള ഹയർ സെക്കൻററി സ്കൂളായി നമ്മുടെ സ്കൂൾ മാറി. കൂമ്പാറ, മരഞ്ചാട്ടി, തോട്ടുമുക്കം, കൂടരഞ്ഞി, തിരുവമ്പാടി, കക്കാടം പൊയിൽ തുടങ്ങിയട പ്രദേശങ്ങളിലെ കുട്ടികളുടെ തുടർപഠനത്തിനുള്ള ആശ്രയകേന്ദ്രമാണിപ്പോൾ ഫാത്തിമാബി മെമ്മോറിയൽ ഹയർ സെക്കൻററി സ്കൂൾ. കോഴിക്കോട് ജില്ലയിലെ മികച്ച വിദ്യാലയം എന്നു മാത്രമല്ല കേരളത്തിലെ അറിയപ്പെട്ട സ്കൂൾ എന്ന ഖ്യാതി ഈ സ്കൂളിന് നേടാൻസാധിച്ചു.

പാഠ്യ-പാഠ്യേതര വിഷയങ്ങളിൽ തുടർ വർഷങ്ങളിൽ മികവ് പുലർത്താൻ സാധിച്ചു. സയൻസ്, ഹ്യമാനിറ്റീസ് വിഷയങ്ങളിൽ 100 ശതമാനവും, കൊമേഴ്സിൽ ഉന്നതവിജയവും കരസ്ഥമാക്കി. 2016-17 വർഷത്തിൽ സയൻസിനോടൊപ്പം ഹ്യമാനിറ്റീസിൽ 100 ശതമാനം വിജയം നേടിയ മലബാറിലെ എണ്ണപ്പെട്ട സ്കൂളാണിപ്പോൾ ഫാത്തിമാബി മെമ്മോറിയൽ ഹയർ സെക്കൻററി സ്കൂൾ.